दूरभाष / Phone: 0481-2301231, ऐक्स्टे/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब् जेल रोड, कोट्टयम 686 002
केरल राज्य, भारत
प्रचार व जनसंपरक प्रभाग

THE RUBBER BOARD
(Government of India, Ministry of Commerce & Industry)
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 002
KERALA STATE, INDIA.
PUBLICITY AND PUBLIC RELATIONS DIVISION

Ref.No.48/01(PRM-1)/2025-26/PUB

പ്രസ്സ് റിലീസ്

# ബി.പി.സി.എൽ. -ന്റെ റബ്ബർ സ്പ്രേ ഓയിൽ സൗകര്യപ്രദമായ പായ്ക്കുകളിൽ

കോട്ടയം

04 ഏപ്രിൽ 2025

ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.) വികസിപ്പിച്ചെടുത്ത *MAK* റബ്ബർ സ്പ്രേ ഓയിലിന്റെ കൈകാര്യം ചെയ്യാൻ സൗകര്യപ്രദമായ പായ്ക്കുകൾ കോട്ടയത്തെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽവെച്ച് നടന്ന യോഗത്തിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. പുറത്തിറക്കി. ഏതൊരു ഉത്പന്നവും പുറത്തിറക്കുമ്പോൾ ഉപഭോക്താക്കളുടെ താൽപര്യങ്ങൾക്ക് മുൻഗണന നൽകണമെന്നും കൈകാര്യം ചെയ്യാൻ സൗകര്യപ്രദമായ 26 കിലോഗ്രാം പാക്കേജുകളിൽ സ്പ്രേ ഓയിൽ പുറത്തിറക്കിയ ബി.പി.സി.എൽ. -ന്റെ നടപടി ഉചിതമാണെന്നും അദ്ദേഹം പറഞ്ഞു. റബർ കൃഷിചെയ്യുന്ന മറ്റുരാജ്യങ്ങളെ അപേക്ഷിച്ച് രോഗങ്ങൾ നിയന്ത്രിക്കുന്നതിൽ ഇന്ത്യ മുൻപന്തിയിലാണെന്നും മികച്ച കാർഷികരീതികളുടെ ഭാഗമായി സ്പ്രേയിങ് നടത്തി ഇലരോഗങ്ങൾ തടയുന്നതിന് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രവും ബി.പി.സി.എൽ. -ന്റെ ആർ. ആന്റ് ഡി. വിഭാഗവും തമ്മിലുള്ള കൂട്ടുകെട്ട് ഈ രംഗത്തെ വികസനത്തിന് കൂടുതൽ പ്രയോജനപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

*MAK* റബ്ബർ സ്പ്രേ ഓയിൽ മികച്ച ശാസ്ത്രജ്ഞർ ചേർന്ന് ഉരുത്തിരിച്ചെടുത്ത ജൈവ വിഘടനപരവും സുസ്ഥിരവുമായ ഒരു നൂതന ഉത്പന്നമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ബി.പി.സി.എൽ.-ന്റെ മാർക്കറ്റിങ് മേധാവി സൊഹൈൽ അക്തർ പറഞ്ഞു. തങ്ങളുടെ കൃഷിയിടങ്ങളിൽ കുമിൾനാശിനി തളിക്കുന്നതിന് വലിയ അളവിൽ സ്പ്രേ ഓയിൽ ആവശ്യമില്ലാത്ത ചെറുകിട, നാമമാത്ര കർഷകർക്ക് ചെറിയ പായ്ക്കറ്റുകളിൽ ലഭ്യമായ ഈ സ്പ്രേ ഓയിൽ ഗുണം ചെയ്യും.

ഡോ. എം.ഡി. ജെസ്സി (ഡയറക്ടർ ഇൻ-ചാർജ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), മോൻസി പി. കുര്യൻ (മാനേജിങ് ഡയറക്ടർ, മണിമലയാർ റബ്ബേഴ്സ്), ഡോ. ഷാജി ഫിലിപ്പ് (പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), ജെന്നി സി.എൽ. (ടെറിട്ടറി മാനേജർ, ലൂബ്സ്, ബി.പി.സി.എൽ.) എന്നിവർ ചടങ്ങിൽ സംസാരിച്ചു.

ഉദ്ഘാടനയോഗത്തിന് ശേഷം നടന്ന സാങ്കേതിക സെഷനിൽ സർവേഷ് റ്റോമർ (റിസേർച്ച് ആന്റ് ഡെവലപ്മെന്റ് ഹെഡ്, ലൂബ്സ് ബിസിനസ്സ് യൂണിറ്റ്), ഡോ. ഷാജി ഫിലിപ്പ് (പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), എൻ. സലി (ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ, റബ്ബർ ബോർഡ്) എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുത്തു. വൻകിട

എസ്റ്റേറ്റ് മേഖല, റബ്ബറുത്പാദകസംഘങ്ങൾ എന്നിവയുടെ പ്രതിനിധികളും റബ്ബർകർഷകരും യോഗത്തിൽ പങ്കെടുത്തു.

.

അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)

**ഫോട്ടോ ക്യാപ്ഷൻ:**

ബി.പി.സി.എൽ. വികസിപ്പിച്ചെടുത്ത *MAK* റബ്ബർ സ്പ്രേ ഓയിലിന്റെ കൈകാര്യം ചെയ്യാൻ സൗകര്യപ്രദമായ പായ്ക്കുകൾ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. പുറത്തിറക്കുന്നു